ഉത്തരം

(എ) ഈ ആവശ്യത്തെ സംബന്ധിച്ച് ഗവൺമെൻറ് ഇതുവരെയും തീരുമാനം ഒന്നും എടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പീരുമേട് താലൂക്കിൽ ഒരു കോളേജ്

501. [701] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് താലൂക്കിൽ ഒരു കോളേജ് ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ ഒരു കോളേജ് തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പീരുമേട്, ദേവികുളം താലൂക്കുകളിലെ ആവശ്യം കണക്കിലെടുത്ത്, 1986-87 വിദ്യാഭ്യാസ വർഷത്തിൽ മൂന്നാറിൽ ഒരു ഗവൺമെൻറ് കോളേജ് ആരംഭിക്കുന്നതിന്, ബന്ധപ്പെട്ട സർവ്വകലാശാലയ്ക്ക് അപേക്ഷ സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗാന്ധിജി സർവ്വകലാശാലയിൽ നിന്നും 1986-87-ൽ ആരംഭിക്കേണ്ട കോളേജുകളെ സംബന്ധിച്ച ശുപാർശ ലഭിച്ചിട്ടില്ല.

പുതിയ സ്വകാര്യ കോളേജുകൾ

502. [702] ശ്രീ. എം. പി. എം. ഇസഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ സ്വകാര്യ കോളേജുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് മൊത്തത്തിൽ എത്ര കോളേജുകൾ അനുവദിക്കുവാൻ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് ശുപാർശ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ (1986-87) പുതിയ കോളേജുകൾ അനുവദിക്കുന്നതു സംബന്ധിച്ച് തീരുമാനമൊന്നും ആയിട്ടില്ല.

(ബി) 1986-87 വർഷത്തേക്ക് സർവ്വകലാശാലകളുടെ ശുപാർശകളൊന്നും ലഭിച്ചിട്ടില്ല.

നിറുത്തലാക്കിയ സ്കൂളുകൾ

503. [703] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, പി. സി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺഇക്കണോമിക് എന്ന കാരണത്താൽ സംസ്ഥാനത്ത് 1984-85, 1985-86 എന്നീ വർഷങ്ങളിലായി എത്ര സ്കൂളുകൾ നിർത്തലാക്കിയിട്ടുണ്ട് ;

(ബി) എൽ. പി. എസ്., യു. പി. എസ്., എച്ച്. എസ്. എ. എന്നീ ഓരോ ഇനത്തിലും എത്ര വീതം?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അൺഇക്കണോമിക് എന്ന കാരണത്താൽ സംസ്ഥാനത്തു 1984-85, 1985-86 എന്നീ വർഷങ്ങളിൽ സ്കൂളുകൾ ഒന്നും തന്നെ നിറുത്തലാക്കിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നൂറു വിദ്യാർത്ഥികളിൽ കുറവുള്ള സ്കൂളുകൾ

504. [704] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 100 (നൂറു) വിദ്യാർത്ഥികളിൽ കുറവുള്ള എത്ര സർക്കാർ സ്കൂളുകൾ ഉണ്ട് ;

(ബി) റവന്യൂ ജില്ലതിരിച്ചുള്ള കണക്കു പറയാമോ ;

(സി) ഇരിങ്ങാലക്കുട വിദ്യാഭ്യാസ ഉപജില്ലയിലെ ജെ. ബി. എസ്. വടക്കുംകര, ജി. എൽ. പി. എസ്. ആനന്ദപുരം എന്നീ സർക്കാർ ലോവർ പ്രൈമറി സ്കൂളുകളിൽ ആവശ്യത്തിനു സ്ഥലസൗകര്യങ്ങളുണ്ടായിട്ടും നിവേദനങ്ങൾ നൽകിയിട്ടും എന്തുകൊണ്ടാണ് അപ്ഗ്രേഡ് ചെയ്യാത്തത്. മേൽപ്പറഞ്ഞ സ്കൂളുകൾ അടുത്ത അദ്ധ്യയന വർഷത്തിൽ അപ്ഗ്രേഡ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) 1984-85 വർഷാരംഭത്തിൽ 100 വിദ്യാർത്ഥികളിൽ കുറവുള്ള 73 സർക്കാർ സ്കൂളുകൾ ഉണ്ടായിരുന്നു. ജില്ലതിരിച്ച കണക്കുകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. †1985-86-ലെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ഈ വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലാണ്.

1985-86 വർഷത്തിൽ അനുവദിച്ച സ്കൂളുകൾ

505. [705] ശ്രീ. കെ. പുരുഷോത്തമൻ :

ശ്രീമതി. പി. ദേവൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ 1985-86 വിദ്യാഭ്യാസ വർഷത്തിൽ സർക്കാർ മേഖലയിൽ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) പുതുതായി സ്കൂളുകൾ തുടങ്ങുന്നതിനു മുന്നോടിയായി വല്ല സർവേ പ്രവർത്തനങ്ങളും നടത്തുവാനുദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 12.

(സി) ഓരോ സ്കൂളിന്റെയും വിദ്യാഭ്യാസ ആവശ്യം പരിഗണിച്ചാണ് സ്കൂളുകൾ തുടങ്ങാൻ അനുമതി നൽകുന്നത്.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly